ഉത്തരം

(എ&ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1-12-2014 വരെ അപേക്ഷിച്ച എല്ലാ ബി.പി.എൽ. അപേക്ഷകർക്ക് പൂർണ്ണമായി സൗജന്യമായും പ്ലിന്ത് ഏരിയ 1000 Sq.ft.ൽ താഴെയുള്ള എ.പി.എൽ. അപേക്ഷകർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെ മാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി പോസ്റ്റ് ആവശ്യമുള്ള ഓവർഹെഡ് ലൈൻ സൗജന്യമായി നിർമ്മിച്ചുകൊണ്ടും കണക്ഷൻ നൽകിയിരുന്നു. കൂടാതെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് 30-9-2015 വരെ തുടർന്നും കണക്ഷൻ നൽകുന്നതിനു ഉത്തരവ് നൽകിയിട്ടുണ്ട്.

കൂടാതെ ഈ 4 ജില്ലകളിൽ RGGVY പദ്ധതി കഴിയുമ്പോഴും മറ്റ് 10 ജില്ലകളിൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.)-ൽ ഉൾപ്പെടുത്തിയും ബി.പി.എൽ. അപേക്ഷകർക്ക് സൗജന്യമായി പോസ്റ്റ് ആവശ്യമുള്ള ഓവർഹെഡ് ലൈനും വെതർ പ്രൂഫും നിർമ്മിച്ച് കണക്ഷൻ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുതി നിരക്ക്

2 (347) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ഏപ്രിൽ മാസത്തിൽ ഓരോ വിഭാഗത്തിനുമുള്ള വൈദ്യുതി നിരക്ക് എത്രയായിരുന്നുവെന്നും 2015 ഏപ്രിൽ മാസത്തെ നിരക്ക് എത്രയാണെന്നും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് കൂട്ടിയെന്നും ഓരോ പ്രാവശ്യം കൂട്ടിയ തുക എത്ര വീതമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ 2011 ഏപ്രിൽ മാസത്തെയും 2015 ഏപ്രിൽ മാസത്തെയും വൈദ്യുതി നിരക്കുകൾ അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുന്നുപ്രാവശ്യം (1-7-2012 മുതലും 1-5-2013 മുതലും 16-8-2014 മുതലും) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. ഓരോ തവണയും വർദ്ധിപ്പിച്ച തുക അനുബന്ധം II ആയി കൊടുത്തിരിക്കുന്നു.*

വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം

3 (348) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം ലഭ്യമാണോ ;

(ബി) ഇല്ലെങ്കിൽ എത്ര സെക്ഷനുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട് ;

(സി) എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി ഒടുക്കുന്നതിന് സഹായകമായ സംവിധാനം ഒരുക്കുമോ ?

ഉത്തരം

(എ-സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദനവും പ്രസരണ നഷ്ടവും

4 (349) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കോടി രൂപയുടെ വൈദ്യുതി പുതുതായി ഉൽപാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ പ്രസരണ നഷ്ടംവഴി എത്ര കോടി രൂപയുടെ വൈദ്യുതിയാണ് പാഴായി പോകുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

31-5-2015-ലെ കണക്ക് പ്രകാരം കെ.എസ്.ഇ.ബി.യുടെ കീഴിൽ പുതുതായി കമ്മീഷൻ ചെയ്ത 4 ജലവൈദ്യുത പദ്ധതികളിൽ നിന്നായി 36.994 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ശരാശരി വില 3.50 യൂണിറ്റ് പ്രകാരം 12.95 കോടി രൂപയുടെ വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly